(ഡി) തൊഴിലാളി സമാശ്വാസ പദ്ധതികൾക്കാവശ്യമായ തുക സർക്കാർ അനുവദിക്കുന്നതിൽ വീഴ്ചവരുത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 5,68,063 (അഞ്ച് ലക്ഷത്തി അറുപത്തി എണ്ണായിരത്തി അറുപത്തി മൂന്ന്) പേർ.

(ബി) 1-11-2000 മുതൽ 31-1-2003 വരെയുള്ള 27 മാസത്തെ പെൻഷൻ തുകയായ രൂപ 170,37,48,356 (നൂറ്റി എഴുപത് കോടി മുപ്പത്തിയേഴ് ലക്ഷത്തി നാല്പത്തി എണ്ണായിരത്തി മുന്നൂറ്റി അൻപത്തിയാറു രൂപ) വിതരണം ചെയ്തിട്ടുണ്ട്.

(സി) 1-2-2003 മുതൽ 31-12-2004 വരെയുള്ള 23 മാസത്തെ പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാനുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സാമ്പത്തിക സ്ഥിതി അനുസരിച്ച് കുടിശ്ശിക ഗഡുക്കളായി അനുവദിച്ചുവരുന്നു. 31-3-2003 വരെയുള്ള പെൻഷൻ കുടിശ്ശിക നൽകുന്നതിനുള്ള തുക അനുവദിച്ചിട്ടുണ്ട്. ഇതു വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അസംഘടിത തൊഴിലാളികൾക്ക് സേവന-വേതന വ്യവസ്ഥകൾ ഏർപ്പെടുത്താൻ നടപടി

37 [524] ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിതരായ തൊഴിലാളികൾക്കുവേണ്ടി സമഗ്രമായ സേവന-വേതന വ്യവസ്ഥകളും ക്ഷേമനിധി ആനുകൂല്യങ്ങളും ഏർപ്പെടുത്തുവാൻ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ വ്യക്തമാക്കാമോ ?

ഉത്തരം

(എ ആന്റ് ബി) അസംഘടിതരായ തൊഴിലാളികൾക്കായി നിലവിൽ കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൻകീഴിൽ "കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി" പ്രവർത്തിച്ചുവരുന്നുണ്ട്. അസംഘടിതരായ എല്ലാ വിഭാഗം തൊഴിലാളികൾക്കും ഇതിൽ അംഗമാകാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അംഗങ്ങൾക്ക് പിരിഞ്ഞുപോകുമ്പോൾ അവരുടെ സർവീസിന്റെ ദൈർഘ്യം അനുസരിച്ച് ആനുകൂല്യം ലഭിക്കുന്നതാണ്. അസംഘടിതരായ അലക്ക്, ബാർബർ, ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികൾക്ക് 2004-ൽ ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ട്. മരംകയറ്റ തൊഴിലാളികൾ, കടകളിലേയും വാണിജ്യ സ്ഥാപനങ്ങളിലേയും തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, സ്വർണ്ണാഭരണത്തൊഴിലാളികൾ, കളിമൺ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, ഗാർഹിക തൊഴിലാളികൾ എന്നിവർക്കായുള്ള ക്ഷേമനിധിയും സർക്കാർ പരിഗണിച്ചുവരുന്നു.

കൂടാതെ അസംഘടിതരായ തൊഴിലാളികൾക്ക് വേണ്ടിയുള്ള സാമൂഹ്യ സുരക്ഷാപദ്ധതി കേന്ദ്രസർക്കാരിന്റെ പരിഗണനയിലുണ്ട്. ആയത് പ്രാബല്യത്തിൽവരുന്നതിനോടൊപ്പം സംസ്ഥാന സർക്കാരും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ക്ഷേമനിധി ബോർഡുകളുടെ കളക്ഷൻ സെന്ററുകൾ

38 [525] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധി ബോർഡുകളുടെ കീഴിൽ താലൂക്ക് കേന്ദ്രങ്ങളിൽ കേന്ദ്രീകൃത ക്ഷേമനധി കളക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; സംസ്ഥാനത്ത് എത്ര സെന്ററുകൾ ഇപ്രകാരം ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ എവിടെയെല്ലാമാണ് കളക്ഷൻ സെന്ററുകൾ ആരംഭിച്ചതെന്ന് വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സെന്ററുകൾ ആരംഭിക്കാൻ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. കളക്ഷൻ സെന്ററുകളൊന്നും ആരംഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധിബോർഡിലെ സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് വിഹിതമടയ്ക്കുന്നതിന് കളക്ഷൻ സെന്ററുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്രീകൃത ക്ഷേമനിധി കളക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly